(സി) അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനുള്ള പദ്ധതികൾ ഒന്നുംതന്നെ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഇല്ല. നിലവിൽ സ്വന്തമായി സ്ഥലമുള്ള അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി NABARD, RIDF, മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണം, പ്ലാൻ ഫണ്ട് തുടങ്ങിയ പദ്ധതികളിലുൾപ്പെടുത്തി നിർമ്മാണം നടന്നുവരുന്നു.

## സമൂഹത്തിലെ ദുർബ്ബലർക്ക് സാമൂഹ്യക്ഷേമ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

275 (3255) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമൂഹത്തിലെ ദുർബ്ബലർ, അശരണർ, ശാരീരികമായും മാനസികമായും വെല്ലുവിളി നേരിടുന്നവർ, അംഗപരിമിതർ, വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ എന്നിവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി സാമൂഹ്യക്ഷേമ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ;

(ബി) ഓരോ പദ്ധതിയുടെയും ആനുകൂല്യം ലഭിക്കുന്നതിനായി ആർക്കാണ് അപേക്ഷ നൽകേണ്ടത് ; അപേക്ഷയുടെ മാതൃക വിശദാംശങ്ങൾ സഹിതം ലഭ്യമാക്കാമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം മേൽപ്പറഞ്ഞ ഓരോ പദ്ധതിയും നടപ്പാക്കുന്നതിനായി എത്ര തുക ചെലവഴിച്ചുവെന്ന് പദ്ധതിയുടെ പേരും വർഷവും സഹിതം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## പട്ടികജാതി, പട്ടികവർഗ്ഗ സാമൂഹ്യക്ഷേമ പദ്ധതികൾ

276 (3256) <u>ശ്രീ. എ. എ. അസീസ്</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പ് വഴി പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്കും കുട്ടികൾക്കുമായി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികൾക്കാണ് കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ&ബി) സാമൂഹ്യക്ഷേമ വകുപ്പ് വഴി പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്കും കുട്ടികൾക്കുമായി നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. അനുപൂരക പോഷകാഹാര പദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗത്തിലെ സ്ത്രീകൾക്കും കുട്ടികൾക്കും അംഗൻവാടികൾ മുഖേന പോഷകാഹാരം നൽകിവരുന്നതു കൂടാതെ 'സബല' പദ്ധതി പ്രകാരം പട്ടികവർഗ്ഗത്തിൽപ്പെട്ട കൗമാരക്കാരായ കുട്ടികൾക്ക് അംഗൻവാടി കേന്ദ്രങ്ങൾ മുഖേന പോഷകാഹാരം നൽകിവരുന്നു. പ്രസ്തുത പദ്ധതികൾക്കായി 50 ശതമാനം തുക കേന്ദ്രസർക്കാർ അനുവദിക്കുന്നുണ്ട്.

2. വനിതാ വികസന കോർപ്പറേഷൻ വഴി പട്ടികജാതി വിഭാഗത്തിലെ വനിതകൾക്കായി കുറഞ്ഞ നിരക്കിൽ സ്വയം തൊഴിൽ പദ്ധതികൾക്കായി വായ്പ നൽകിവരുന്നു. വായ്പാ പദ്ധതി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ദേശീയ പട്ടികജാതി വികസന ധനകാര്യ കോർപ്പറേഷന്റെ സഹായത്തോടെയാണ് നടപ്പിലാക്കുന്നത്.

3. വനിതാ കമ്മീഷനിൽ പട്ടികജാതി, പട്ടികവർഗ്ഗ സ്ത്രീ എന്ന പരിഗണന ലഭിക്കുന്ന പദ്ധതി ഡി.എൻ.എ. ടെസ്റ്റ് ആണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വർക്കും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും സൗജന്യമായി ഡി.എൻ.എ. ടെസ്റ്റ് ചെയ്തു കൊടുക്കുന്നു.

## ഡിസെബിലിറ്റി സർവ്വേ

277 (3257) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് വൈഡ് ഡിസെബിലിറ്റി സർവ്വേ നടത്താൻ 2014-15 ബഡ്ജറ്റിൽ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഈ പദ്ധതിക്കായി എത്ര രൂപ വകയിരുത്തിയിട്ടുണ്ട് ;

(ബി) പ്രസ്തുത സർവ്വേ നടത്തിയിട്ടുണ്ടോ ; ഇതിനായി എത്ര രൂപ ചെലവഴിച്ചു ;

(സി) ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിക്കാനാകാതെ പോയ സാഹചര്യം വിശദീകരിക്കാമോ ;

(ഡി) സ്റ്റേറ്റ് വൈഡ് ഡിസെബിലിറ്റി സർവ്വേയുമായി മുന്നോട്ട് പോകാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?